# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2728 27.01.2014 - ൽ മറുപടിക്ക്

## അങ്കമാലി നിയോജക മണ്ഡലത്തിലെ പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാലപ്പഴക്കം ചെന്നതും കാര്യക്ഷമമല്ലാത്തതുമായ പമ്പുസെറ്റുകൾക്കുപകരം പുതിയ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് നബാർഡിന്റെ ധനസഹായം ലഭിച്ചിട്ടുള്ളതും 08.04.2011-ൽ ജല അതോറിറ്റി ഭരണാനുമതി നൽകിയിട്ടുള്ളതുമായ അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) അങ്കമാലി നിയോജക മണ്ഡലത്തിൽ നബാർഡ് ധനസഹായം നൽകിയിട്ടുള്ളതും 08/04/2011-ൽ ജല അതോറിറ്റിയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമായ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. കാലടി റോ വാട്ടർ പമ്പ് ഹൗസിലേക്ക് 100 HP.V.T. പമ്പ് സെറ്റും മെക്കാനിക്കൽ ഫ്ലോമീറ്ററും സ്ഥാപിക്കൽ.<br>2. ചീനപ്പാറ പമ്പ് ഹൗസിലേക്ക് ഒരു 17.5 HP.V.T. പമ്പ് സെറ്റും മെക്കാനിക്കൽ ഫ്ലോമീറ്ററും സ്ഥാപിക്കൽ.<br>3. താബോർ പമ്പ് ഹൗസിലേക്ക് ഒരു 50 HP.V.T. പമ്പ് സെറ്റും മെക്കാനിക്കൽ ഫ്ലോമീറ്ററും സ്ഥാപിക്കൽ.<br>4. നിലീശ്വരം പമ്പ് ഹൗസിലേക്ക് ഒരു 37.5 HP.V.T. പമ്പ് സെറ്റും മെക്കാനിക്കൽ ഫ്ലോമീറ്ററും സ്ഥാപിക്കൽ.<br>5. നിലീശ്വരം പമ്പ് ഹൗസിലേക്ക് ഒരു V.T. പമ്പ് സെറ്റും (ഡിസ്ചാർജ് 24 എൽ.പി.എസ്.ഹെഡ് 75 മീറ്റർ) മെക്കാനിക്കൽ ഫ്ലോമീറ്ററും സ്ഥാപിക്കൽ. |

| | | | |
|---|---|---|---|
| (ബി) | അവയിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; | (ബി) & (സി) | മേൽപ്പറഞ്ഞ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കേണ്ടതായിട്ടുള്ളതാണ്. |
| (സി) | ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കേണ്ടതായിട്ടുള്ളത്; | | |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (ഡി) | ഉത്തരം (എ) യിൽ 1-ാം നമ്പർ പ്രവൃത്തിയിൽ പറയുന്ന പമ്പ്സെറ്റിന്റെ ഫാക്ടറി ടെസ്റ്റ് പൂർത്തിയായിട്ടുണ്ട്. ഉടൻ തന്നെ പമ്പ്സെറ്റ് ലഭിക്കുന്നതാണ്. 2-ാം നമ്പർ പ്രവൃത്തിയുടെ ടെണ്ടർ പരിശോധനയിലാണ്. 3,4,5 എന്നീ പ്രവൃത്തികളിൽ പറയുന്ന പമ്പ് സെറ്റുകൾ ലഭ്യമാക്കുകയും തുടർന്നുള്ള സ്ഥാപിക്കൽ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. |
| (ഇ) | ഈ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ഈ പ്രവൃത്തികളിൽ 1,3,4,5 എന്നിവ 2014 ഫെബ്രുവരിയോടെയും രണ്ടാമത്തെ പ്രവൃത്തി 2014 ഒക്ടോബറിനകവും പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ